LIBRARY ARCHIVES Kerala Legislative Assembly

ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ

291 (640) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങളും ഘടനയും വിശദീകരിക്കാമോ ;

(സി) എമർജിംഗ് കേരള മീറ്റിൽ വന്ന വ്യവസായ വകുപ്പിനു കീഴിലുള്ള എത്ര പദ്ധതികൾ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ മോണിറ്റർ ചെയ്തിട്ടുണ്ട് ;

(ഡി) ഇതിന്റെ ഓരോന്നിന്റെയും നിലവിലുള്ള അവസ്ഥ വിശദീകരിക്കാമോ ?

ഉത്തരം

(എ&ബി) 24-9-2012-ലെ സ.ഉ.(സാധാ) നമ്പർ 1412/2012/വ്യവ. പ്രകാരം എമർജിംഗ് കേരളയിൽ അവതരിപ്പിച്ചതും ഭാവിയിൽ ലഭ്യമാക്കുന്നതുമായ പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും, കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമെന്ന നിലയ്ക്ക് തുടർന്നും അവതരിപ്പിക്കുന്നതിനുമായി മുഖ്യമന്ത്രി ചെയർമാനായും ബന്ധപ്പെട്ട മന്ത്രിമാരും പ്രഗത്ഭരായ വ്യവസായ സംരംഭകരും ഉൾപ്പെട്ട ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

(സി&ഡി) എമർജിംഗ് കേരള സംഗമത്തിൽ ലഭിച്ച 177 പദ്ധതി നിർദ്ദേശങ്ങളിൽ വ്യവസായ വകുപ്പിന് കീഴിൽ 19 പദ്ധതികളാണുള്ളത്. ഇവയിൽ രണ്ട് പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കുകയും, ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. ഈ പദ്ധതികൾക്കെല്ലാം സർക്കാരിൽ നിന്നും സമയബന്ധിതമായി ക്ലിയറൻസുകൾ ലഭിച്ചിട്ടുള്ളതിനാൽ ഇവ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ മോണിറ്റർ ചെയ്യേണ്ട ആവശ്യകതയുണ്ടായിട്ടില്ല.

കേരള ഇൻവെസ്റ്റേഴ്സ് മീറ്റ് 2012

292 (641) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2012-ൽ നടന്ന കേരള ഇൻവെസ്റ്റേർസ് മീറ്റിൽ കൊറിയൻ കമ്പനിയായ ടാൻഗോങ്ങ് എനർജി പ്രൈവറ്റ് ലിമിറ്റഡിനെ പ്രതിനിധീകരിച്ച് ആരൊക്കെയാണ് പങ്കെടുത്തതെന്ന് വിശദമാക്കുമോ ;